**പതിനാലാം കേരള നിയമസഭ**

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4220 — 12.11.2019-ലെ മറുപടിയ്ക്ക്

## കായികതാരങ്ങൾക്ക് നൽകുന്ന ടി.എ, ഡി.എ, റൂം റെന്റ് എന്നിവ വർദ്ധിപ്പിക്കുന്നതിന് നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ. ആൻസലൻ** | | **ശ്രീ.ഇ.പി.ജയരാജൻ**<br>ബഹു.വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | സംസ്ഥാന ടീമുകളിലേയ്ക്ക് സെലക്ട് ചെയ്യുന്ന കായികതാരങ്ങൾക്ക് ടി.എ, ഡി.എ, റൂം റെന്റ് എന്നീ ഇനങ്ങളിൽ ക്യാമ്പുകളിലും ടീം മറ്റ് സംസ്ഥാനങ്ങളിൽ പോകുമ്പോഴും നൽകുന്ന തുക പലപ്പോഴും ലഭിക്കുന്നത് അതാത് കായിക അസോസിയേഷനുകൾക്ക് ആയതിനാൽ പ്രസ്തുത തുക കായികതാരങ്ങൾക്ക് കിട്ടുന്നില്ല എന്ന പരാതി ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഉണ്ട്. നിലവിലെ ഗ്രാന്റ് ഇൻ എയ്ഡ് റെഗുലേഷൻസ് പ്രകാരം കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ അംഗീകാരമുള്ള അസോസിയേഷനുകളാണ് കോച്ചിംഗ് ക്യാമ്പുകൾ സംഘടിപ്പിക്കുന്നതും കേരള ടീമിനെ ദേശീയ മത്സരങ്ങളിൽ പങ്കെടുപ്പിക്കുന്നതും. ഇതിനാവശ്യമായ ഗ്രാന്റ് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ ബന്ധപ്പെട്ട സംസ്ഥാന അസോയിയേഷൻ മുഖേനയാണ് കായികതാരങ്ങൾക്ക് നൽകി വരുന്നത്. എന്നാൽ ഇത് സംബന്ധിച്ച് ചില അസോസിയേഷനുകളുമായി ബന്ധപ്പെട്ട് ലഭിച്ച പരാതികളിന്മേൽ സ്പോർട്സ് കൗൺസിൽ നേരിട്ട് അസോസിയേഷനുകളുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഭാവിയിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതുമാണ്. |
| (ബി) | കായിക അസോസിയേഷനുകൾ വഴി നൽകുന്ന മുഴുവൻ തുകയും കൃത്യമായി കായികതാരങ്ങൾക്ക് ലഭിക്കാത്ത സാഹചര്യത്തിൽ പ്രസ്തുത തുക കായികതാരങ്ങളുടെ ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | പ്രസ്തുത വിഷയം പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | സംസ്ഥാന ടീമിലേയ്ക്ക് സെലക്ട് ചെയ്യുന്ന കായിക താരങ്ങൾക്ക് നിലവിൽ നൽകിവരുന്ന ടി.എ, ഡി.എ, റൂം റെന്റ് എന്നിവ വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കാമോ; | (സി) | സംസ്ഥാന ടീമിലേയ്ക്ക് സെലക്ട് ചെയ്യുന്ന കായിക താരങ്ങൾക്ക് നിലവിൽ നൽകിവരുന്ന ടി.എ, ഡി.എ, റൂം റെന്റ് എന്നിവ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സ്പോർട്സ് കൗൺസിലിന്റെ നിലവിലെ ഗ്രാന്റ് ഇൻ എയ്ഡ് റെഗുലേഷൻസ് ഭേദഗതി ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ഡി) | നിലവിൽ കായിക താരങ്ങൾക്ക് ദിനംപ്രതി ടി.എ, ഡി.എ, റൂം റെന്റ് എന്നീ ഇനങ്ങളിൽ എത്ര രൂപയാണ് നൽകി വരുന്നതെന്ന് വിശദമാക്കാമോ? | (ഡി) | നിലവിലെ ഗ്രാന്റ് ഇൻ എയ്ഡ് റെഗുലേഷൻസ് പ്രകാരം കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ അംഗീകാരമുള്ള അസോസിയേഷൻ സംഘടിപ്പിക്കുന്ന കോച്ചിംഗ് ക്യാമ്പുകളിൽ പങ്കെടുക്കുന്ന കായിക താരത്തിന് പ്രതിദിനം 300/-രൂപ ഡി.എ ഇനത്തിലും, 150/-രൂപ ലോഡ്ജിംഗ് ഇനത്തിലും, ദേശീയ മത്സരങ്ങളിൽ പങ്കെടുക്കുന്ന കായികതാരത്തിന് പ്രതിദിനം 400/-രൂപ ഡി.എ ഇനത്തിലും നൽകി വരുന്നുണ്ട്. കൂടാതെ അർഹമായ യാത്രാബത്തയും അനുവദിച്ചു വരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**